## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 494** **09-07-2024 - ൽ മറുപടിയ്ക്ക്**

## സഹകരണമേഖലയിലെ കേന്ദ്ര സർക്കാർ ഇടപെടലുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സമ്പദ് വ്യവസ്ഥയിൽ നിർണായക സംഭാവന നൽകുന്ന സഹകരണമേഖലയുടെ താൽപര്യങ്ങൾക്ക് വിരുദ്ധമായി കേന്ദ്ര സർക്കാർ നടത്തുന്ന ഇടപെടലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഇന്ത്യൻ ഭരണഘടനയിലെ 7-ാം ഷെഡ്യൂളിലെ എൻട്രി 32 പ്രകാരം സഹകരണം സംസ്ഥാന വിഷയമാണ്. കേന്ദ്ര സർക്കാർ 2022 ൽ മൾട്ടി സ്റ്റേറ്റ് സൊസൈറ്റീസ് ആക്ട് സമഗ്രമായി ഭേദഗതി ചെയ്യുതിന് Multi State Co-operative Societies (Amendment) ബിൽ കൊണ്ടുവരുകയും 2023 ഓഗസ്റ്റ് 3 ന് അത് നിയമമാകുകയും, സംസ്ഥാനങ്ങളിൽ യഥേഷ്ടം സംസ്ഥാന സർക്കാരിന്റെ അനുവാദം കൂടാതെ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘം രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുകയും ചെയ്യുന്നു.<br><br>രാജ്യത്ത് പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ കേന്ദ്ര സഹകരണ മന്ത്രാലയം സ്വീകരിച്ച് വരുന്നുണ്ട്. രാജ്യത്തെ സംഘങ്ങളുടെ പൊതുവായ പ്രവർത്തനങ്ങൾ പരിഗണിച്ചുകൊണ്ടുള്ള സോഫ്റ്റ് വെയറാണ് കേന്ദ്രം തയ്യാറാക്കുന്നത്. ടി സോഫ്റ്റ് വെയറിൽ ലഭ്യമാക്കുന്ന ഡാറ്റാ കേന്ദ്ര സർക്കാർ നിയന്ത്രണത്തിലുള്ള ഡാറ്റാ സെന്ററിൽ സൂക്ഷിക്കുമെന്നും, വിവിധ ഏജൻസികളുടെ ആവശ്യങ്ങൾക്കായി ഈ ഡാറ്റാ ഉപയോഗിക്കുമെന്നും ഇത് സംബന്ധിച്ച നിർദ്ദേശങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ PACS കളുടെ വൈവിദ്ധ്യമായ പ്രവർത്തനങ്ങൾ പരിഗണിച്ചുകൊണ്ട് കേന്ദ്ര സോഫ്റ്റ് വെയർ പദ്ധതിയുടെ ഭാഗമാകാതെ സംസ്ഥാനം സ്വന്തം നിലയിൽ ഏകീകൃത സോഫ്റ്റ് വെയർ പദ്ധതിയുമായി മുന്നോട്ട് പോകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

കേന്ദ്ര സഹകരണ മന്ത്രാലയത്തിനു കീഴിൽ രാജ്യത്ത് എല്ലാ മേഖലകളിലും പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ വിവരശേഖരണത്തിനായി National Co-operative Database വികസിപ്പിക്കുകയും, ഡാറ്റാ കളക്ഷനായി സോഫ്റ്റ് വെയർ ആപ്ലിക്കേഷൻ/ വെബ് ഫോം തയ്യാറാക്കുകയും ചെയ്തിരുന്നു. രാജ്യത്തെ സഹകരണ സംഘങ്ങളുടെ ആധികാരികവും സമകാലികവുമായ വിവരങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ശേഖരിക്കുന്ന വിവരങ്ങൾ, ബന്ധപ്പെട്ട കക്ഷികൾക്ക് നയരൂപീകരണത്തിനായി ഉപയോഗിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ ഉപയോഗപ്പെടുത്തി രാജ്യത്തെ വിവിധ പ്രദേശങ്ങളിൽ കേന്ദ്ര നിയമപ്രകാരം മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിനാണ് കേന്ദ്രസർക്കാർ ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. ഡാറ്റാ ബേസിലെ വിവരങ്ങൾ ഉപയോഗപ്പെടുത്തി സംസ്ഥാനത്തെ സംഘങ്ങളുടെമേൽ നേരിട്ട് നിയന്ത്രണങ്ങളും നിർദ്ദേശങ്ങളും നൽകുന്നതിനാണ് കേന്ദ്രം നീക്കം നടത്തുന്നത്.

1949-ലെ ബാങ്കിംഗ് റഗുലേഷൻ നിയമത്തിൽ ഭേദഗതി വരുത്തി കൊണ്ട് 2020- ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമം പാർലമെന്റ് പാസ്സാക്കിയിരുന്നു. 1966 വരെ Banking നിയമങ്ങൾ സഹകരണ സംഘങ്ങൾക്ക് ബാധകമായിരുന്നില്ല. എന്നാൽ കാലാകാലങ്ങളിൽ ഭേദഗതികളിലൂടെ വരുത്തിയ ബാങ്കിങ് നിയമത്തിലെ മിക്കവാറും എല്ലാ വ്യവസ്ഥകളും സഹകരണ സംഘങ്ങൾക്കും ബാധകമാക്കിയിട്ടുണ്ട്. പല ഭേദഗതി നിർദേശങ്ങളും സഹകരണ നിയമത്തിന് എതിരുമാണ്. 2020 ൽ ബാങ്കിങ് നിയമത്തിൽ വരുത്തിയ ഭേദഗതികൾ പലതും സംസ്ഥാനത്തിന്റെ അധികാരങ്ങൾ കവരുന്നതും സഹകരണ നിയമത്തിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധവുമാണ്. 2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിൽ വരുത്തിയ ഭേദഗതി നിർദ്ദേശങ്ങൾ സംസ്ഥാനത്തെ സഹകരണ മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

ബാങ്കിംഗ് നിയമത്തിന്റെ ഭേദഗതിയിലൂടെ, ടി നിയമത്തിലെ വകുപ്പ് (3) പ്രകാരം, ഒരു പ്രാഥമിക കാർഷിക വായ്പസഹകരണ സംഘവും കാർഷിക വികസനത്തിനായി ദീർഘകാല വായ്പ നൽകുകയെന്നത് പ്രാഥമിക ഉദ്ദേശ്യമായും, മുഖ്യ ബിസിനസുമായുള്ള ഒരു സഹകരണ സംഘവും അവയുടെ പേരിന്റെഭാഗമായോ, ബിസിനസിന്റെ ഭാഗമായോ, ബാങ്ക്, ബാങ്കർ, ബാങ്കിംഗ് എന്നീ പദങ്ങൾ ഉപയോഗിക്കുകയും, ചെക്കുകളുടെ

draweeആയി പ്രവർത്തിക്കുകയുമാണെങ്കിൽ, അവയ്ക്ക് ടി നിയമം ബാധകമായിരിക്കും. ടി വ്യവസ്ഥ നിലവിൽ പ്രവർത്തിച്ചുവരുന്ന പ്രാഥമിക കാർഷിക വായ്പ സഹകരണസംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ, കേരള സംസ്ഥാന സഹകരണകാർഷിക ഗ്രാമ വികസന ബാങ്ക്, ചില പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ എന്നിവയെ ബാധിക്കുന്നവയാണ്. ടി സ്ഥാപനങ്ങൾ 2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാകണമെങ്കിൽ അവയുടെ പേരിന്റെ ഭാഗമായുള്ള 'ബാങ്ക്' എന്ന പദം ഒഴിവാക്കുകയും ഇടപാടുകാർക്ക് ചെക്ക് സംവിധാനം എവിടെയെങ്കിലും നൽകുന്നുണ്ടെങ്കിൽ ആയത് ഒഴിവാക്കുന്നതു ഉൾപ്പടെയുള്ള നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. കൂടാതെ ഇത് സംബന്ധിച്ച് റിസർവ് ബാങ്ക് വിവിധ പത്രമാദ്ധ്യമങ്ങളിൽ നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. PACS Association ഭാരവാഹികൾ, സഹകരണ സംഘം/ ബാങ്ക് ജീവനക്കാരുടെ സംഘടനാ പ്രതിനിധികൾ എന്നിവരുമായി ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ചർച്ച നടത്തുകയുണ്ടായി. മേൽ വിഷയം ഉൾപ്പെടെയുള്ള 2020- ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിനെതിരെ സംസ്ഥാനം ബഹു.സുപ്രീം കോടതിയിൽ OS 1/2023 ഫയൽ ചെയ്തിട്ടുണ്ട്.

Banking Regulation (Amendment)Act ലെ (4) പ്രകാരം ബാങ്കിംഗ് റെഗുലേഷൻ നിയമത്തിലെ വകുപ്പ് 56-ൽ വരുത്തിയ ഭേദഗതികളിൽ പബ്ലിക് ഇഷ്യുവിലൂടെയും പ്രൈവറ്റ് പ്ലേസ്മെന്റിലൂടെയും ഇക്വിറ്റി/ പ്രിഫറൻസ് ഓഹരി മൂലധനം സ്വരൂപിക്കുന്നതിനുള്ള വ്യവസ്ഥ, ഓഹരി മൂലധനം തിരിച്ചു നൽകുന്നത് തടഞ്ഞുകൊണ്ടുള്ള വ്യവസ്ഥ, ചില നിയമനങ്ങളിലുള്ള നിയന്ത്രണം, ചില ഭരണസമിതി അംഗങ്ങൾക്കും ചെയർമാനുമുള്ള യോഗ്യത, ഓഹരികൾ, ഓഡിറ്റ്, ഭരണസമിതിയെ പിരിച്ചുവിടുന്നതിനുള്ള അധികാരം തുടങ്ങിയുള്ള നിരവധി വ്യവസ്ഥകൾ ഇന്ത്യൻ ഭരണഘടനയിലെ സ്റ്റേറ്റ് ലിസ്റ്റിലെ എൻട്രി 32-ലെ 'incorporation, regulation and winding up of co-operative societies' എന്നിവയുമായി ബന്ധപ്പെട്ടവയാണ്. ആയത് സംസ്ഥാന താല്പര്യത്തേയും സംസ്ഥാനത്ത് ബാങ്കിംഗ് റെഗുലേഷൻ നിയമം നിലവിൽ ബാധകമായിട്ടുള്ള സ്ഥാപനങ്ങളായ കേരള സംസ്ഥാന സഹകരണ ബാങ്ക്, അർബൻ സഹകരണ ബാങ്കുകൾ എന്നിവയേയും അവയിലെ അംഗങ്ങളുടെ താല്പര്യങ്ങളേയും ബാധിക്കുന്നതാണ്.

പുതിയ ഭേദഗതിയിലൂടെ ബാങ്കിംഗ് റെഗുലേഷൻ നിയമത്തിലെ സെക്ഷൻ-10 ലെ വ്യവസ്ഥകൾ ബാങ്കിംഗ് ലൈസൻസുള്ള സഹകരണ ബാങ്കുകൾക്കും ബാധകമാക്കുകയുണ്ടായി. പ്രസ്തുത നിയമ വ്യവസ്ഥകൾ പ്രകാരം മാനേജിംഗ് ഡയറക്ടറുടെ നിയമനത്തിനുള്ള യോഗ്യതയും നിയമന കാലാവധിയും നിശ്ചയിക്കുന്നതിനുള്ള അധികാരം റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയിൽ അർപ്പിതമാണ്. 10(B)യിലെ വ്യവസ്ഥകൾ ചെയർമാന്റെ യോഗ്യത നിശ്ചയിക്കുന്നതാണ്. ചെയർമാനെ നിയമിക്കുന്നതിനും, നീക്കം ചെയ്യുന്നതിനും റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് അധികാരം നൽകുന്നുണ്ട്. ടി ഭേദഗതികളെല്ലാം കേരള സഹകരണ സംഘം നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമാണ്.

സെക്ഷൻ 12-ൽ വരുത്തിയ ഭേദഗതി മൂലം ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് RBI യുടെ മുൻകൂർ അനുമതി വാങ്ങിയ ശേഷം Public issue, private placement of share, preference share issue എന്നിവ നടത്താവുന്നതാണ്. അംഗങ്ങൾക്ക് മെമ്പർഷിപ്പ് സറണ്ടർ ചെയ്ത്, ഓഹരി തിരിച്ച് വാങ്ങുന്നതിനും കഴിയുന്നതല്ല. ഇതുമൂലം ഓഹരി പിൻവലിക്കാനുള്ള അവസരം ഇല്ലാതാകുന്നതാണ്. ആയത് സഹകരണ നിയമത്തിനും, വ്യവസ്ഥകൾക്കും വിരുദ്ധമാണ്.

കൂടാതെ കേന്ദ്ര ആദായനികുതി നിയമത്തിൽ പുതിയതായി കൂട്ടിചേർത്ത 194 N എന്ന വകുപ്പ് പ്രാബല്യത്തിൽ വന്നതോടെ സംസ്ഥാനത്തെ പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ ബാങ്കിംഗ് ബിസിനസ്സ് അല്ല ചെയ്യുന്നതെന്ന് അഭിപ്രായപ്പെട്ട് പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്നും ആദായനികുതി ഈടാക്കണമെന്ന് കാണിച്ച് ആദായ നികുതി വകുപ്പ് നോട്ടീസ് നൽകുകയുണ്ടായി. ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും 03.10.2019-ലെ സെൻട്രൽ ബാങ്ക് കോൺഫറൻസിൽ വിഷയം അജണ്ടയിൽ ഉൾപ്പെടുത്തി വിശദമായ ചർച്ചയ്ക്ക് വിധേയമാക്കുകയും ടി നിയമഭേദഗതിക്കെതിരെ കൂട്ടായ പ്രവർത്തനങ്ങൾ വേണ്ടതുണ്ടെന്ന് തീരുമാനിക്കുകയും ടി നിയമത്തിലെ പ്രസ്തുത വകുപ്പിന്റെ പരിധിയിൽ നിന്നും സംസ്ഥാനത്തെ സഹകരണ മേഖലയെ ഒഴിവാക്കുന്നതിനായി 11.10.2019-ൽ ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പ് മന്ത്രി, ബഹുമാനപ്പെട്ട കേന്ദ്ര കൃഷി വകുപ്പ് മന്ത്രി എന്നിവർക്ക് അന്നത്തെ സഹകരണ വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| | | | നേരിട്ട് നിവേദനം സമർപ്പിച്ചുവെങ്കിലും ആയതിന്മേൽ കേന്ദ്ര സർക്കാർ നടപടി ഒന്നുംതന്നെ സ്വീകരിച്ചിട്ടില്ലാത്തതാണ്. ആദായ നികുതി വകുപ്പിന്റെ നോട്ടീസിനെതിരെ സംഘങ്ങൾ ബഹു.ഹൈക്കോടതിയെ സമീപിച്ച് സ്റ്റേ ഉത്തരവ് നേടിയിട്ടുള്ളതുമാണ്. 194 N പ്രകാരം സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതിനെതിരെ തുടർ നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതിലേയ്ക്കായി സംസ്ഥാനത്തെ സഹകാരികളേയും വിഷയം സംബന്ധിച്ച വിദഗദ്ധരേയും പങ്കെടുപ്പിച്ച് 03-02-2021ൽ ഒരു മീറ്റിംഗ് സംഘടിപ്പിച്ചിരുന്നു. തുടർന്ന് ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 14.07.2021-ൽ ഒരു യോഗം സംഘടിപ്പിക്കുകയും വിഷയത്തിൽ നിയമപരമായി മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ എന്ന തീരുമാനത്തിൽ എത്തുകയും അഡ്വക്കേറ്റ് ജനറലിനോട് നിയമോപദേശം തേടുന്നതിന് തീരുമാനിക്കുകയും ചെയ്തു. ഈ വിഷയത്തിൽ നിയമപരമായി സ്വീകരിക്കേണ്ട നടപടികൾ തീരുമാനിക്കുന്നതിനായി 15.05.2024 അഡ്വക്കേറ്റ് ജനറലിന്റെ നേതൃത്വത്തിൽ അദ്ദേഹത്തിന്റെ ചേമ്പറിൽ വച്ച് വകുപ്പ് സെക്രട്ടറി, നിയമ വിദഗ്ദ്ധർ, സഹകരണസംഘം രജിസ്ട്രാർ, കേരളാ ബാങ്ക് പ്രതിനിധി എന്നിവരെ പങ്കേടുപ്പിച്ച് ഒരു യോഗം വിളിച്ച ചേർത്തിട്ടുള്ളതുമാണ്. |
| (ബി) | പൊതുമേഖലാ ബാങ്കുകൾക്ക് സമ്പന്നരുടെ വായ്പകൾ നിഷ്ക്രിയ ആസ്തി ആയി എഴുതിത്തള്ളുവാൻ മൗനാനുവാദം നൽകുന്ന റിസർവ് ബാങ്ക് സംസ്ഥാനത്തെ സഹകരണ ബാങ്കുളിൽ നിന്നും വായ്പയെടുത്ത് നിഷ്ക്രിയ ആസ്തിയായി മാറുന്ന സാധാരണക്കാരുടെ ബാധ്യതയിന്മേൽ തികച്ചും വ്യത്യസ്തമായ നിലപാടെടുക്കുന്നത് ഈ മേഖലയോട് കേന്ദ്ര സർക്കാരിനുള്ള അവഗണനയായി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കേരളത്തിൽ സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിൽ ബാങ്കിംഗ് റഗുലേഷൻ ആക്ട് 1949 (AACS) ബാധകമായ കേരള സംസ്ഥാന സഹകരണ ബാങ്കും 58 അർബൻ സഹകരണ ബാങ്കുകളും പ്രവർത്തിച്ചുവരുന്നുണ്ട്. നിക്ഷേപമായി ലഭിക്കുന്ന തുക ഉപയോഗിച്ചാണ് ടി ബാങ്കുകൾ കൃഷി, ചെറുകിട വ്യവസായം, വാണിജ്യം എന്നിവ ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്കായി വായ്പകൾ നൽകിവരുന്നത്. സാധാരണക്കാരുടെ വ്യക്തിപരമായ പല ആവശ്യങ്ങൾക്കും ടി ബാങ്കുകൾ വിവിധതരം വായ്പകൾ നൽകിവരുന്നു ടി വായ്പകൾ തിരിച്ചടയ്ക്കാതെവരുന്ന പക്ഷം ബാങ്കിന്റെ നിഷ്ക്രീയ ആസ്തി വർദ്ധിക്കുകയും അത് ബാങ്കിന്റെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യും. സംസ്ഥാന സഹകരണ ബാങ്കിൽ നിഷ്ക്രീയ ആസ്തി കുറച്ചുകൊണ്ടുവരുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, റിക്കവറി മാനേജ്മെന്റ് പോളിസി എന്നിവ മുഖേന സാധാരണക്കാരുടെ ബാധ്യതയിന്മേൽ 2023-24 സാമ്പത്തിക |

| | | | |
|---|---|---|---|
| | | | വർഷത്തിൽ20688 കുടിശ്ശിക വായ്പകൾ ഇളവുകൾ നൽകിക്കൊണ്ട് കണക്കവസാനിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. മന:പൂർവ്വം കുടിശ്ശികയാക്കുന്നവരുടെ വായ്പാകുടിശ്ശിക പിരിച്ചെടുക്കുന്നതിനായി സർഫസി, A.R.C, R.R തുടങ്ങിയ നടപടികൾ കൈക്കൊള്ളുന്നുണ്ടെങ്കിലും കുടിശ്ശിക വായ്പാക്കാർക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, റിക്കവറി മാനേജ്മെന്റ് പോളിസി എന്നിവ പ്രയോജനപ്പെടുത്തി ഇളവുകളോടെ വായ്പാക്കണക്ക് അവസാനിപ്പിക്കാവുന്നതാണ്. |
| (സി) | സംസ്ഥാനത്തെ സഹകരണ മേഖലയുടെ നിയന്ത്രണം ലക്ഷ്യമിട്ട് നാഷണൽ അർബൻ കോ-ഓപ്പറേറ്റീവ് ഫിനാൻസ് കോർപ്പറേഷൻ എന്ന സ്ഥാപനം ആരംഭിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | നാഷണൽ അർബൻ കോ-ഓപ്പറേറ്റീവ് ഫിനാൻസ് ആന്റ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനം കേന്ദ്ര സർക്കാർ രൂപീകരിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാരിൽ നിന്നും ആയത് സംബന്ധിച്ച വിവരങ്ങളൊന്നും ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ